ഗവണ്മെന്റ് പോളിടെക്നിക്ക് കോളേജ് പാലക്കാട്
info@gptcpalakkad.ac.in
Phone No.04912572640
Pin:678551

നം.സി.-1519/19GPTCPLKD തിയ്യതി:12-08-2025

## ലേലപരസ്യ നോട്ടീസ്

വിഷയം: സർക്കാർ പോളിടെക്ലനിക്ക് കോളേജ്, പാലക്കാട്- കോളേജ് ക്യാമ്പസ്സിലെ ചുറ്റുമതിൽ നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന പലജാതി മരങ്ങൾ ലേലം വഴി വിൽക്കുന്നത് -സംബന്ധിച്ച് -

സുചന: 11/06/2025 തിയ്യതിയിലെ പാലക്കാട് ജില്ലാ പഞ്ചായത്ത് കാര്യാലയത്തിലെ എസ്.3/3128/2024 നമ്പർ നടപടി ഉത്തരവ്

-------

പാലക്കാട് സർക്കാർ പോളിടെക്ലനിക്ക് കോളേജ് ക്യാമ്പസ്സിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് തടസ്സമായി നിൽക്കുന്ന പലജാതി മരങ്ങൾ **20/082025 തിയതി 11.00 മണിക്ക്** ഈ സ്ഥാപനത്തിൽ വെച്ച് (അഡ്മിനിസ്ട്രേറ്റീവി ബ്ലോക്ക്) പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നു.

ലേലം സംബന്ധിച്ച വിവരങ്ങളും വ്യവസ്ഥകളും താഴെ ചേർക്കുന്നു.

1..അക്യ്യഷ്യേ, കഴണി, മരുത്,മഞ്ഞ പാവട്ട തുടങ്ങിയ പല ഇനങ്ങളൽപ്പെട്ട 110 മരങ്ങളാണ് ലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നത്.

2.മരങ്ങൾ ഉയർന്ന വിലയ്ക്ക് ലേലംകൊള്ളുന്ന വ്യക്തിയുടെ ചെലവിലും ഉത്തരവാദിത്തത്തിലും മരങ്ങൾ മുറിച്ച് ഒഴിവാക്കുക എന്നതാണ് ലേലനടപടിയിലൂടെ ലക്ഷ്യമാക്കുന്നത്

3.ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വ്യക്തികൾ ലേലസമയത്തിനു 30 മിനുട്ട് മുൻപായി 3000/-രൂപ (മുവ്വായിരം രൂപ മാത്രം) നിരതദ്രവ്യായമായി ഓഫീസിൽ കെട്ടിവയ്ക്കേണ്ടതാണ്.ലേലം കൊള്ളുന്ന വ്യക്തിയുടെ ഒഴികെയുള്ള നിരത ദ്രവ്യ തുക ലേലനടപടികൾ അവസാനിക്കുന്നതോടെ തിരിച്ചു നൽകുന്നതാണ്.

4ലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്ന 110 മരങ്ങൾക്ക് മതിപ്പു വിലയായി നിശ്ചയിച്ചിട്ടുള്ളത് 3 ലക്ഷം രൂപയാണ്. ഈ തുകയിൽ നിന്നായിരിക്കും പരസ്യ ലേലം ആരംഭിക്കുന്നത്.

4.ലേലത്തിൽ ഏറ്റവും കുടുതൽ തുകയ്ക്ക് ലേലം വിളിക്കുന്ന ആൾക്ക്/മുദ്ര വച്ച കവറിൽ സമർപ്പിക്കുന്ന ക്വട്ടേഷനിലെ കൂടിയ തുകയ്ക്ക് ലേലം ഉറപ്പിക്കുന്നതായിരിക്കും. ബന്ധപെട്ട ഉദ്യോഗസ്ഥൻറെ സാന്നിദ്ധ്യത്തിൽ മുറിച്ചിട്ട മരങ്ങളുടെ എണ്ണം തിട്ടപെടുത്തി മുഴുവൻ ലേലസംഖ്യയും പുറമേ 5 ശതമനം ഫോറസ്റ്റ് ഡെവലപ്മെന്റ് നികുതിയും നിലവിലെ വിൽപന നികുതിയും അടച്ച് ലേലവസ്തുകൾ ലേലം എടുത്തയാളുടെ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതാണ്.

5.വ്യക്തമായ പേര്, മേൽവിലാസം, ഫോൺ നമ്പർ, തുടങ്ങിയ വിവരങ്ങളും **ലേലം**

**കൊള്ളുവാനുദ്ദേശിക്കുന്നതുകയും** ഉൾപ്പെടുത്തി തയ്യാറാക്കുന്ന ക്വട്ടേഷൻ മുദ്രവച്ച കവറുകളിൽ സമർപ്പിക്കാവുന്നതാണ്.

**6.**പരസ്യ ലേലത്തിനുശേഷം മുദ്ര വച്ച കവറുകളിലെ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ഇതിൽ കൂടിയ തുകയ്ക്കായിരിക്കും ലേലം ഉറപ്പിക്കുക.മുദ്ര വച്ച കവറുകളിൽ ലേലം കൊള്ളുന്നതിനുള്ള ക്വട്ടേഷനുകൾ ലഭ്യമാകാതെ വരികയും,പരസ്യ ലേലത്തിലെ ഉയർന്ന തുക മരങ്ങളുടെ മൂല്യത്തിന് താഴെയാവുകയും ചേയ്താൽ ലേല നടപടികൾ മാറ്റിവയ്ക്കുന്നതിനുള്ള അധികാരം ലേലം ഓഫീസർക്ക് ഉണ്ടായിരിക്കും.

**7.** ലേലം ചെയ്തു വിൽക്കുന്ന മരങ്ങൾ പ്രവൃത്തി ദിനങ്ങളിൽ പ്രവൃത്തി സമയത്ത് **(9AM to 3 PM)** ലേലം ഓഫീസറുടെ/സ്ഥാപന മേധാവിയുടെ അനുമതിയോടെ കണ്ട് ബോധ്യപ്പെടാവുന്നതാണ്.

**8.**ലേലം കൊള്ളുന്ന വ്യക്തി ലേലത്തുകയുടെ **25**ശതമാനം ലേലം ഉറപ്പിക്കുന്ന ദിവസിപ്പിക്കുന്ന ദിവസം തന്നെ അടയ്ക്കേണ്ടതാണ്.ബാക്കി തുക **3** ദിവസത്തിനകം അടക്കേണ്ടതാണ്.ഇതിൽ പരാജയപ്പെടുന്ന പക്ഷം ലേലം കൊണ്ട നടപടി റദ്ദ് ചെയ്യുന്നതിന് ലേലം ഓഫീസർക്ക്/സ്ഥാപന മേധാവിയ്ക്ക് അധികാരമുണ്ടായിരിക്കും.

**9.**ഈ സ്ഥാപനത്തിൻ്റ സ്ഥാവര ജംഗമ വസ്തു വകകൾക്ക് ഒരു തരത്തിലുള്ള നാശ നഷ്ടവും ഉണ്ടാകാത്ത രീതിയൽ ലേലം വഴി നേടുന്ന മരങ്ങൾ സ്വന്തം ചെലവിൽ മുറിച്ച്, നിശ്ചിത സമയത്തിനകം കടത്തിക്കൊണ്ടു പോകേണ്ടത് ലേലം കൊള്ളുന്ന വ്ക്തിയുടെ ഉത്തരവാദിത്തമായിരിക്കും.

**10.**ലേലത്തിൽ പങ്കെടുക്കുവാൻ എത്തുന്നവർ ഒത്തുകളിച്ച്, മരങ്ങൾക്ക് പ്രതീക്ഷിക്കുന്നവിലയോക്കാൾ വളരെ താഴ്ന്ന നിരക്കിലേക്ക് വില താഴ്ത്തുന്നതിനുള്ള കൂട്ടായ ശ്രമം ഉണ്ടാകുന്നു എന്ന് സംശയം തോന്നിയാൽ പരസ്യ ലേലം ഒഴിവാക്കി മുദ്ര വച്ച കവറുകൾ വഴി സമർപ്പിക്കുന്ന ക്വട്ടേഷനെ അടിസ്ഥാനമാക്കി മാത്രം ലേലം നടത്തുന്നതായിരിക്കും

**11.** ലേലം നീട്ടി വയ്ക്കുവാനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ലേലം ഓഫീസൽ നിക്ഷിപ്തമാണ്. സർക്കാർ ലേല നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരികും.

**12** നിശ്ചിത നിരത ദ്രവ്യം ഒടുക്കാത്തവരെയും ലേല ദിവസം രാവിലെ **10.45** നു ശേഷം എത്തുന്നവരെയും ലേലത്തിൽ പങ്കുകൊള്ളുവാൻ അനുവദിക്കുന്നതല്ല.ലേല നടപടികൾക്ക് തടസ്സം സൃഷ്ടിക്കുന്നവർക്കെതിരെ നിയമ നടപടിയ്ക്ക് ശിപാർശ ചെയ്യുന്നതായിരിക്കും.

ഡോ.ദിലീപ്.പി

പ്രിൻസിപ്പാൾ

പകർപ്പ്

1, ഓഫീസ് നോട്ടീസ് ബോർഡ്

2, വില്ലേജ് ഓഫീസർ, കൊടുമ്പ്

3, വില്ലേജ് ഓഫീസർ, മരുതറോഡ്

4, പഞ്ചായത്ത് ഓഫീസർ, കൊടുമ്പ്

5, പഞ്ചായത്ത് ഓഫീസർ, മരുതറോഡ്

6, ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്
(പത്രങ്ങളിൽ പ്രസിദ്ധീകരികുനതിന്)

7, സുപ്രണ്ട് ടെക്നിക്കൽ ഹൈസ്കൂൾ, പാലക്കാട്
( നോട്ടീസ് ബോർഡിൽ പതികുന്നതിന്)

8, ശ്രീ സതീഷ്കുമാർ കെ.ജി, വർക്ക്ഷോപ്പ് സുപ്രണ്ട് (ലേലം ഓഫീസർ)

9, ശ്രീ റോയ് എം.ജെ, ജൂനിയർ സുപ്രണ്ട് (അസിസ്റ്റൻറെ ലേലം ഓഫീസർ)

10, ക്യാഷ് സെക്ഷന്

Signed by Dileep P
Date: 12-08-2025 09:56:16